LIBRARY ARCHIVES Kerala Legislative Assembly.

ഭവന നിർമ്മാണ വായ്പ നൽകുന്നതിന് ശുപാർശ നൽകാനുള്ള അധികാരം

B [3292] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ഇ. എം. അഗസ്തി:
,, വി. ജെ. പൗലോസ്:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ബാങ്കുവഴി ഭവന നിർമ്മാണ വായ്പയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തത് എന്നുമുതലാണ്;

(ബി) ഏതെല്ലാം ബാങ്കുകളാണ് ഈ പദ്ധതിപ്രകാരമുള്ള വായ്പ നൽകുന്നത്;

(സി) ഇപ്പോൾ ഇത്തരം വായ്പകൾക്ക് ശുപാർശ ചെയ്യേണ്ടത് ഏതു തരത്തിലുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥരാണ്;

(ഡി) ലോൺ അനുവദിക്കുന്നത് ബാങ്ക് ആയതിനാലും, വായ്പ തുക പിടിക്കേണ്ടത് ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ആയതിനാലും സർക്കാർ ഉദ്യോഗസ്ഥന് ശമ്പളം കൊടുക്കുന്ന ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ തലത്തിലുള്ളവർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിന് ശുപാർശ നൽകുന്നതിനുള്ള അധികാരം ഏൽപ്പിച്ചു കൊടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-12-2002 മുതലാണ് പുതിയ ഭവന വായ്പ പദ്ധതി നടപ്പിൽ വന്നത്.

(ബി) എസ്. ബി. ഐ., എസ്. ബി. റ്റി., കനറാ ബാങ്ക് എന്നിവ മുഖേനയാണ് വായ്പ നൽകിവരുന്നത്.

(സി) വകുപ്പുമേധാവികളുടെ ഭവന വായ്പ അപേക്ഷകളും വിവിധ വകുപ്പുകളിൽ നിന്നുമുള്ള ജോയിന്റ് വായ്പ അപേക്ഷകളും ധനകാര്യ വകുപ്പും, വിവിധ വകുപ്പുകളിലെ വ്യക്തിഗത അപേക്ഷകൾ അതാതു വകുപ്പു തലവന്മാരുമാണ് ശുപാർശ ചെയ്തുവരുന്നത്.

(ഡി) പുതിയ ഭവനനിർമ്മാണ വായ്പ പദ്ധതി പ്രകാരം 4-12-2002-ലെ ജി. ഒ.(പി.) നം. 744/02 എന്ന ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നതിലുപരിയായി വായ്പ അപേക്ഷകൾ ശുപാർശ ചെയ്യുവാനുള്ള അധികാരം ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ആഫീസർ തലത്തിലേയ്ക്ക് ഏൽപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.